**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2593** **17-03-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ എത്ര ഉപവകുപ്പുകളും , സ്ഥാപനങ്ങളും ഉണ്ട്; വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിനു കീഴിൽ 2 ഉപ വകുപ്പുകളും 49 സ്ഥാപനങ്ങളും നിലവിലുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ മൈനിങ്ങും ജിയോളജിയും ഹാൻഡ്-ലൂമും ടെക്സ്റ്റയിൽസും എന്നീ ഉപ വകുപ്പുകളും 42 പൊതുമേഖലാ സ്ഥാപനങ്ങളും സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, പബ്ലിക് സെക്ടർ റീസ്ട്രക്ചറിങ് & ഇൻറേണൽ ആഡിറ്റ് ബോർഡ്, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് എന്നീ സ്ഥാപനങ്ങളും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പുകളിൽ / സ്ഥാപനങ്ങളിൽ 2020-2021 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ച ഉപവകുപ്പുകൾ/ സ്ഥാപനങ്ങൾ ഏതൊക്കെയാണ് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളാണ് 2020-2021 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ച സ്ഥാപനങ്ങൾ. |
| (സി) | 2019-2020, 2021-2022 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഉപ വകുപ്പുകളും / സ്ഥാപനങ്ങളും എത്ര തുക പദ്ധതിയിനത്തിൽ ചെലവഴിച്ചു എന്നു വ്യക്തമാക്കാമോ? | (സി) | കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 2019-2020 സാമ്പത്തിക വർഷത്തിൽ 2248.07 ലക്ഷം രൂപയും 2021-2022 സാമ്പത്തിക വർഷത്തിൽ 4173.19 ലക്ഷം രൂപയും പദ്ധതിയിനത്തിൽ ചെലവഴിച്ചു. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ 2019-2020 സാമ്പത്തിക വർഷത്തിൽ 6823.16 ലക്ഷം രൂപയും 2021-2022 സാമ്പത്തിക വർഷത്തിൽ 24951.41 ലക്ഷം രൂപയും പദ്ധതിയിനത്തിൽ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ